## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2572 09-07-2015 -ൽ മറുപടിക്ക്

## വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തോമസ് ഉണ്ണിയാടൻ** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | മഴക്കെടുതിയെ തുടർന്നുള്ള വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത്; | എ) & ബി) | മഴക്കെടുതിമൂലം ഉണ്ടാകുവാൻ സാദ്ധ്യതയുള്ള കെടുതികൾ നേരിടുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളും മറ്റു അവശ്യസാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സജ്ജീകരണമേർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളുടെയും ഡോക്ടർമാരുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. കാലവർഷക്കെടുതികൾ നേരിടുന്നതിന് കളക്ടറേറ്റിലും താലൂക്കിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലകളിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി വിവര ശേഖരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഒരു മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ്, ഫയർ& റസ്ക്യൂ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഓടകൾ വൃത്തിയാക്കി നീരൊഴുക്കുകൾ സുഗമമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുത കമ്പിയിലേക്ക് വീണു കിടക്കുന്ന അപകടകരമായ മരച്ചില്ലകൾ വെട്ടിമാറ്റുന്നതും, പകർച്ച വ്യാധികൾ തടയുന്നതിനും കെട്ടിടങ്ങളുടെ ബലക്ഷയം പരിശോധിക്കുന്നതിനും മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ; മഴയെ തുടർന്നുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; | | |
| സി) | ഇതു സംബന്ധിച്ച് കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്കും പ്രകൃതിക്ഷോഭ മുന്നൊരുക്ക നടപടികളുമായി ബന്ധപ്പെട്ട് 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ